## മലങ്കര മാർത്തോമ്മാ സുറിയാനി സഭ

### മാർത്തോമ്മാ സഭ ദിവ്യസംഗീത സംവേദന വിഭാഗം (DSMC) പ്രസിഡന്റ്

### ഡോ. ജോസഫ് മാർ ഇവാനിയോസ് എപ്പിസ്കോപ്പായിൽ നിന്നും

**സർക്കുലർ നമ്പർ 02**

*മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠരേ, ദിവ്യസംഗീത സംവേദന വിഭാഗം (DSMC) കേന്ദ്ര, ഭദ്രാസന, ശാഖാ ചുമതലക്കാരേ, സഭയിലെ ഗായക സംഘാംഗങ്ങളേ, ദൈവജനമേ, നിങ്ങൾക്കേവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം.*

**കർത്താവിൽ പ്രിയരെ,**

സഭയുടെ ആരാധനയിൽ എക്കാലത്തും സംഗീതത്തിന്റെ പ്രാധാന്യം നിസ്തുല്യമാണ്. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആരാധനയും സംഗീതത്തിൽ അധിഷ്ഠിതമാണല്ലോ. ദൈവജനത്തെ ആരാധനയ്ക്കായ് ഒരുക്കുന്നതിനും ആരാധന അർത്ഥപൂർണ്ണമാക്കുന്നതിന് നേതൃത്വം നൽകുന്നതിനും ഇടവകയിലെ ഗായകസംഘങ്ങൾ ക്രമീകൃതമായി പ്രവർത്തിക്കുന്നതിന് പ്രോത്സാഹനവും പിന്തുണ നൽകുന്നതിനുമായി ആരംഭം കുറിച്ച പ്രസ്ഥാനമാണ് ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആൻഡ് കമ്മ്യൂണിക്കേഷൻസ്. സഭയുടെ സംഗീത സംവേദന വിഭാഗമായ ഈ സ്ഥാപനം നാളിതുവരെയും അതിന്റെ ശുശ്രൂഷ അനുഗ്രഹീതമായി നിർവ്വഹിച്ചു പോരുന്നു.

2025 മേയ് മാസം 25-ാം തീയതി ഞായറാഴ്ച സഭ ദിവ്യസംഗീത ഞായറാഴ്ചയായി വേർതിരിച്ചിരിക്കുകയാണ്. നമ്മുടെ എല്ലാ ഗായകസംഘങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുന്നതിനും ഗായകസംഘാംഗങ്ങളെ ദൈവസന്നിധിയിൽ പുനർപ്രതിഷ്ഠ ചെയ്യുന്നതിനും ആയി ഈ ദിവസം വേർതിരിച്ചിരിക്കുന്നു. അന്നേദിവസം പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന ആരാധനക്രമം ആരാധനമദ്ധ്യേ ഉപയോഗിക്കുകയും ഗായകസംഘാംഗങ്ങളുടെ പ്രതിഷ്ഠാശുശ്രൂഷ നടത്തപ്പെടുകയും ചെയ്യണം. അന്നേദിവസം ലഭിക്കുന്ന സ്തോത്രകാഴ്ച മുഴുവനായും ഡി.എസ്.എം.സി യുടെ ഓഫീസിൽ നൽകി ഡി.എസ്.എം.സി. യുടെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ നൽകുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ഡി.എസ്.എം.സി. യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ വീഡിയോ ഓഡിയോ റെക്കോർഡിങ്ങ് സ്റ്റുഡിയോ, വീഡിയോ എഡിറ്റിംഗ് സൗകര്യം എന്നിവ കൂടാതെ പരിപാടികൾ തൽസമയം സംപ്രേക്ഷണം ചെയ്യുന്നതിന് സൗകര്യം ഒരുക്കുന്ന മീഡിയ വിഭാഗം, സംഗീത പഠനത്തിനുള്ള അവസരം എന്നിവയും ഡി.എസ്.എം.സി ഒരുക്കുന്ന സൗകര്യങ്ങളാണ്. നമ്മുടെ സഭയുടെ സ്ഥാപനം എന്ന നിലയിൽ ഈ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുവാനും എല്ലാ സഭാമക്കളും ശ്രമിക്കണം. കൂടാതെ ഓൺലൈൻ മാധ്യമങ്ങളിലൂടെ സംപ്രേക്ഷണം നിർവ്വഹിക്കുന്ന ഡി.എസ്.എം.സി മീഡിയ, മാർത്തോമ്മാ സഭയുടെ ഔദ്യോഗിക ചാനലായ മാർത്തോമ്മാ വിഷൻ, മലങ്കര ദർശൻ എന്നിവയുടെ ചുമതലയും നിർവ്വഹിക്കുന്നു. ഡി,എസ്.എം.സി മീഡിയാ എന്ന യുടൂബ് ചാനൽ ഒരു ലക്ഷം സബ്സ്ക്രൈബേഴ്സ് എന്ന നേട്ടം സ്വന്തമാക്കി സിൽവർ പ്ലേ ബട്ടൺ കരസ്ഥമാക്കിയ വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളട്ടെ. ഡി.എസ്.എം.സി. കോൺഫറൻസ് ഹാൾ, മാളിയേക്കൽ എം.സി ജോർജ്ജ് കശ്ശീശ സ്മാരക ഹാൾ ഇപ്പോൾ നവീകരണം പൂർത്തിയായിരിക്കുന്നു. കൂടാതെ സഭയ്ക്ക് അഭിമാനമായ ഡി.എസ്.എം.സി യുടെ എച്ച്.ഡി സ്റ്റുഡിയോ ഇപ്പോൾ നവീകരണ ഘട്ടത്തിലാണ്. ഒരു വീഡിയോ ഫ്ളോറിന്റെ നിർമ്മാണം കൂടി ആരംഭിച്ചിരിക്കുന്നു. ഇടവകതലത്തിൽ ഗായകസംഘം ചെയ്യുന്ന ശുശ്രൂഷ എടുത്തു പറയേണ്ടതാണ്. നേതൃത്വം നൽകുന്ന വികാരിയച്ചന്മാരെയും ചുമതലക്കാരെയും ഗായകസംഘാംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ എല്ലാ ഗായകസംഘങ്ങളും എല്ലാ വർഷവും ഡി.എസ്.എം.സി. യിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതിന് ശ്രദ്ധിക്കണം. അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഗായകസംഘങ്ങൾക്കു മാത്രമേ ഇടവകയുടെ കൈസ്ഥാനസമിതിയിൽ പ്രാതിനിധ്യം ഉള്ളു. മാരാമൺ കൺവെൻഷൻ ക്വയർ, ഡി.എസ്.എം.സി. ക്വയർ എന്നിവയിൽ അംഗങ്ങളാകുന്നതിനും ഈ നിബന്ധന പാലിക്കണം. DSMC യുടെ നിലവിലുള്ള ഭരണഘടനയുടെ ഭേദഗതിക്കായി DSMC പൊതുയോഗം തീരുമാനിച്ചിരിക്കുന്ന പ്രകാരം നിലവിലുള്ള ഭരണഘടനയുടെ ഭേദഗതിക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സംഗീതത്തിലൂടെ ദൈവികസാന്നിധ്യം പകരുവാൻ വിളിക്കപ്പെട്ടവരാണ് ഗായകസംഘാംഗങ്ങൾ. അത് ദൈവീക നിയോഗമായി തിരിച്ചറിയുവാനും ആരാധനാസംഗീതത്തിലൂടെ ദൈവദത്തമായ സംഗീതകല ദിവ്യമായി പരിപോഷിപ്പിക്കുവാനും അത് അനേകർക്ക് അനുഗ്രഹത്തിന് മുഖാന്തരം ആകുവാനും ദൈവം ഇടയാക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2024 സെപ്റ്റംബർ മാസം മുതൽ ഡി.എസ്.എം.സി.ക്ക് ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ സേവനം ലഭിക്കുന്നു. അസിസ്റ്റന്റ് ഡയറക്ടർ ആയി റവ. സ്റ്റീഫൻ സി. ഏബ്രഹാം നിയോഗിതനാവുകയും ചെയ്ത വിവരം ഏവരെയും അറിയിക്കുന്നു.

സംഗീതത്തിലൂടെയും സംവേദനത്തിലൂടെയും അർത്ഥപൂർണ്ണമായി നമ്മുടെ ദൗത്യം നിറവേറ്റുന്നതിനും ആത്മനിറവോടും ഐക്യത്തോടുംകൂടെ നമ്മെ ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾ പൂർത്തീകരിക്കുന്നതിനും ദൈവരാജ്യത്തിന്റെ സുവിശേഷം സംഗീതത്തിലൂടെ പ്രഘോഷിക്കുന്നതിനും നമ്മുടെ കർത്താവ് യേശുമിശിഹായുടെ രക്ഷാകര പദ്ധതിയിൽ സാക്ഷ്യപൂർവ്വം പങ്കുചേരുന്നതിനും ദൈവം നമ്മെ ശക്തീകരിക്കുമാറാകട്ടെ.

ക്രിസ്താബ്ദം 2025 മേയ് 03-ാം തീയതി തിരുവല്ല ഡി.എസ്.എം.സി ഓഫീസിൽ നിന്നും

Mar Ivanios

DEPARTMENT OF SACRED MUSIC AND COMMUNICATIONS — MUSIC WITH A MESSAGE — DSMC

**ഡോ. ജോസഫ് മാർ ഇവാനിയോസ് എപ്പിസ്കോപ്പാ**

DSMC പ്രസിഡന്റ്